## നാളികേര വിപണി സമ്മർദ്ദത്തെ അതിജീവിക്കുമെന്ന് മാർക്കറ്റ് ഇന്റലിജൻസ് സെന്റർ

വാണിജ്യ-വ്യാവസായിക അടിസ്ഥാനത്തിൽ നാളികേരവും കൊപ്രയും സംസ്കരിച്ച് ഉപയോഗിക്കുന്ന വൻകിട കമ്പനികൾ വിപണിയിൽ നിന്നു വിട്ടു നിന്നതിനാലാണ് വിപണിയിൽ സമ്മർദ്ദം ഉണ്ടായതെന്നും, ഉത്പാദനത്തിൽ വന്ന കുറവും വടക്കെ ഇന്ത്യയിലെ ഉത്സവ കാലവും, ശബരിമല സീസണും കണക്കിലെടുത്താൽ നാളികേരത്തിന്റെ വില ഉയർന്നു തന്നെ നിൽക്കാനാണു സാദ്ധ്യത എന്നാണ് നാളികേര വിപണിയെക്കുറിച്ച് കേരള കാർഷിക സർവകലാശാലയുടെ അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ നടത്തിയ പുതിയ അവലോകനത്തിൽ സൂചിപ്പിക്കുന്നത് . ആഭ്യന്തര വിപണിയിലെ നാളികേര ഉത്പാദനത്തിൽ 10–15 ശതമാനം കുറവുണ്ട് എന്നാണ് സെന്റർ നല്കുന്ന സൂചന.

ആഗോളതലത്തിൽ പ്രകടമയിരിക്കുന്ന നാളികേരത്തിന്റെ ലഭ്യതയിലുള്ള കുറവ്, 'ലാ നിനാ' പോലെ ഇപ്പോൾ പ്രകടമായിരിക്കുന്ന കാലവസ്ഥാവ്യതിയാനങ്ങളാൽ രൂക്ഷമാകാനാണു സാദ്ധ്യത. കേരളത്തിലും തമിഴ്നാട്ടിലും നീണ്ടു നിന്ന മഴ കാരണം ഓണത്തിനു ശേഷം കേരളത്തിലെ വിപണിയിൽ നാളികേരത്തിന്റെ കരുത്തു ചോരാതെ നില്ക്കുന്നതായി കാണപ്പെട്ടു. ഈ പ്രവണത ജനുവരി പകുതി വരെ തുടരാനാണു സാദ്ധ്യത.തമിഴ്നാട്ടിൽ നിന്നുള്ള വരവു മകര സംക്രാന്തിക്കു ശേഷം മാത്രമെ കാണൂ.

വിപണിയിൽ ഭക്ഷ്യ എണ്ണയുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വർദ്ധിച്ചു വരുന്ന അന്തരം മൂലം ഇന്ത്യക്കു ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ഒഴിച്ചുകൂടാനാവാത്തസ്ഥിതി വിശേഷമാണു സംജാതമായിരിക്കുന്നത്. കണക്കുകൾ പ്രകാരം ആഗസ്റ്റിൽ മാത്രം ഇറക്കുമതി ചെയ്ത 10 ലക്ഷം ടൺ ഭക്ഷ്യ എണ്ണയിൽ 6.92 ലക്ഷം ടണ്ണും പാമോയിൽ ആയിരുന്നുവെന്നു കണക്കാക്കപ്പെടുന്നു. ഇതു വെളിച്ചെണ്ണയുടെ വിലയിൽ സമ്മർദ്ദം ഉണ്ടാക്കുമെന്നും തന്മൂലം കൊപ്ര, നാളികെരം എന്നിവയുടെ വില വർദ്ധനവിനെ ചോർത്തിക്കളയും എന്നും കരുതപ്പെട്ടുവെങ്കിലും മലേഷ്യയിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം ഈ വർഷം പാമോയിൽ ഉത്പാദനം കുറഞ്ഞു നില്ക്കുമെന്നാണു സൂചന.

വർദ്ധിച്ചു വരുന്ന ബയോഡീസലിന്റെ ഉപഭോഗവും, ചൈനയുടെ വൻ തോതിലുള്ള പാം, സോയാബീൻ എണ്ണകളുടെ ഡിമാന്റും, അർജന്റീന, ബ്രസീൽ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾ 'ലാ നിനാ'' പ്രതിഭാസത്തിൽ കുരുങ്ങി കാർഷികോത്പാദനത്തിൽ വരാവുന്ന കുറവും മൂലം വെളിച്ചെണ്ണയും പാം ഓയിലും തമ്മിൽ ഉള്ള വിലയിലെ അന്തരം കുറയുവാനുള്ള സാദ്ധ്യതയും കണക്കിലെടുത്ത് ജനുവരി പകുതി വരെ പൊതിച്ച നാളികേരത്തിന്റെ വില 14.50 രൂപ – 17.50 രൂപ എന്ന നിലവാരത്തിൽ തന്നെ നില്ക്കും എന്നാണു അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ നടത്തിയ പഠനങ്ങൾ

സൂചിപ്പിക്കുന്നത് . ഈ വില കഴിഞ്ഞ വർഷം ഇതേ സമയത്ത് ഉണ്ടായിരുന്ന വിലയേക്കൾ 30 ശതമാനം കൂടുതൽ ആയിരിക്കും. കേര കർഷകർ ഉചിതമായ രീതിയിൽ വില്പന ക്രമീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.





Dr.K.Satheesh Babu, Professor & CCPI,

Swapna Surendran., Senior Research Fellow

Agricultural Market Intelligence Centre, KAU.

For more details, visit www.kauhort.in or www.kau.edu or Mail to: amickau@gmail.com or call at: 8129628797.